പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4320 | 24.10.2016 ൽ മറുപടിയ്ക്ക് |
|---|---|
| **മാതൃക അംഗൻവാടി പദ്ധതി** | |
| ചോദ്യം | ഉത്തരം |
| **ശ്രീ.മുല്ലക്കര രത്നാകരൻ** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ മന്ത്രി)** |
| (എ) സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന മാതൃക അംഗൻവാടി പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ; | (എ) ഒരു നിയോജക മണ്ഡലത്തിൽ ഒരു അംഗൻവാടിയെങ്കിലും മാതൃകാ അംഗൻവാടിയായി ഉയർത്തി അവ മുതിർന്ന സ്ത്രീകൾക്കുള്ള പരിപാലന കേന്ദ്രം കൂടി ആയി വിഭാവനം ചെയ്യുന്ന പദ്ധതിയാണ് മാതൃകാ അംഗൻവാടി പദ്ധതി. 910 ചതുരശ്ര അടിയെങ്കിലും വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ ക്ലാസ്സ് റൂം, ഡൈനിംഗ് റൂം, അടുക്കള, സ്റ്റോർ റൂം, ശിശു സൗഹൃദ ടോയിലറ്റ്, സ്ത്രീ സൗഹൃദ ടോയിലറ്റ്, വാഷ് ഏരിയ, കുടിവെള്ളം എന്നീ സൗകര്യങ്ങൾ മാതൃകാ അംഗൻവാടിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നു. നിലവിൽ സംസ്ഥാനത്തെ ഓരോ നിയോജകമണ്ഡലങ്ങളിലും ഒരു അംഗൻവാടിയെ വീതം മാതൃക അംഗൻവാടിയായി ഉയർത്തി കെട്ടിടം നിർമ്മിക്കുവാൻ ഭരണാനുമതി നൽകിയിട്ടുണ്ട്. മാതൃകാ അംഗൻവാടി നിർമ്മാണത്തിനായി 10 സെന്റ് സ്ഥലവും ബന്ധപ്പെട്ട എം.എൽ.എയുടെ ശുപാർശയും ലഭ്യമാക്കേണ്ടതുണ്ട്. |
| (ബി) എത്ര മാതൃക അംഗൻവാടികൾ സാമൂഹ്യനീതി വകുപ്പിന് ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്; | (ബി) നിലവിൽ 118 അംഗൻവാടികൾ മാതൃക അംഗൻവാടിയായി ഉയർത്തി കെട്ടിടം നിർമ്മിക്കുവാൻ അനുമതി നൽകിയിട്ടുണ്ട്. |
| (സി) പ്രസ്തുത പദ്ധതിയുടെ പ്രയോജനം കൂടുതൽ ലഭ്യമാകുന്ന നിലയിൽ എല്ലാ പഞ്ചായത്തുകളിലും മാതൃക അംഗൻവാടികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) പ്രസ്തുത പദ്ധതി പ്രകാരം സംസ്ഥാനത്ത് ആകെ 140 മാതൃക അംഗൻവാടി കെട്ടിടം നിർമ്മിക്കുന്നതിന് മാത്രമേ അനുമതി നൽകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ